പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2540 19.12.2012 -ൽ മറുപടിയ്ക്ക്

## പാലക്കാട് മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | (എ) പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള അംഗീകാരത്തിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജിനായി പാലക്കാട് ഐ.റ്റി.ഐ ലിമിറ്റഡിനുവേണ്ടി പൊന്നും വിലയ്ക്ക് ഏറ്റെടുത്ത് ഇപ്പോൾ ഉപയോഗ ശൂന്യമായി കിടക്കുന്ന ഭൂമിയിൽ നിന്ന് 77.8085 ഏക്കർ സ്ഥലം ജില്ലാ കളക്ടർ ഏറ്റെടുക്കുകയുണ്ടായി. ഈ നടപടിക്കെതിരെ ഐ.റ്റി.ഐ ലിമിറ്റഡ് കേസ് (WPC 16951/12) ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത കേസിൻെറ ഇടക്കാല വിധിക്കെതിരെ ഫയൽ ചെയ്ത അപ്പീലിന്മേൽ സ്ഥലത്തിൻെറ ഇപ്പോഴത്തെ അവസ്ഥ മാറ്ററുതെന്ന് ഉത്തരവായിട്ടുള്ളതുമാണ്. WPC 16951/12 കേസിൻെറ അന്തിമ വിധി വന്നിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | മെഡിക്കൽ കോളേജിനായി ഇതു വരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) (സി) & (ഡി) | 26.05.2012 തീയതിയിലെ സ.ഉ. (കൈ) നം. 72/12/പജപവവിവ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന ഒരു മെഡിക്കൽ കോളേജിന് അനുമതി നൽകുകയും, 29.06.2012 തീയതിയിലെ സ.ഉ..(സാധാ) നം.924/2012/പജപവവിവ പ്രകാരം മെഡിക്കൽ കോളേജിന്റെ സ്പെഷ്യൽ ഓഫീസറായി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീ.എസ്.സുബ്ബയ്യയെ നിയമിക്കുകയും ചെയ്തു. പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 06.06.2012-ലെ സ.ഉ.(സാധാ) നം.818/12/പജപവവിവ പ്രകാരം 5 കോടി രൂപ നീക്കി വയ്ക്കുകയുണ്ടായി. നിർദ്ദിഷ്ട മെഡിക്കൽ കോളേജിന് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനായി പാലക്കാട് ഐ.ടി.ഐ യ്ക്കു വേണ്ടി അക്വയർ ചെയ്തു നൽകി ഉപയോഗിക്കാതെ കിടക്കുന്ന |
| (സി) | മെഡിക്കൽ കോളേജിന് ആവശ്യമായ സ്ഥലം, കെട്ടിടം എന്നിവ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | |
| (ഡി) | മെഡിക്കൽ കോളേജ് എപ്പോൾ യഥാർത്ഥ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | | |

77.8085 ഏക്കർ ഭൂമിയുടെ വില ഐ.റ്റി.ഐ യ്ക്ക് നൽകി പ്രസ്തുത ഭൂമി പട്ടികജാതി വികസന വകുപ്പിന് ലഭ്യമാക്കുന്നതിനായി, ഐ.ടി.ഐ യുടെ പേരിൽ 1,70,47,719 രൂപ ഡിമാൻറ് ഡ്രാഫ്റ്റ് എടുത്ത് പാലക്കാട് ജില്ലാ കളക്ടർക്ക് നൽകുന്നതിന്, 06.07.12-ലെ സ.ഉ.(സാധാ) നം.958/12/പജപവവിവ പ്രകാരം അനുമതി നൽകുകയും ചെയ്തു. ജില്ലാ കളക്ടർ പ്രസ്തുത ഡി.ഡി ഐ.ടി.ഐയ്ക്ക് നൽകുകയും 77.8085 ഏക്കർ പാലക്കാട് മെഡിക്കൽ കോളേജിനായി ഏറ്റെടുക്കുകയും ഉണ്ടായി. എന്നാൽ ഐ.റ്റി.ഐ പ്രസ്തുത നടപടിക്കെതിരെ കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത ഡി.ഡി ജില്ലാ കളക്ടർക്ക് തിരികെ നൽകുകയും അത് ജില്ലാ കളക്ടർ സർക്കാരിലേക്ക് മടക്കി നൽകിയിരിക്കുകയുമാണ്. ഐ.റ്റി.ഐ ഫയൽ ചെയ്ത കേസിൻെറ അന്തിമ വിധി വന്നിട്ടില്ലാത്തതിനാൽ മെഡിക്കൽ കോളേജിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. മെഡിക്കൽ കോളേജിൻെറ

അംഗീകാരത്തിനായി അപേക്ഷ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് സമർപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് (ആക്റ്റ് xii ഓഫ് 1955) പ്രകാരം ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് 29.10.2012-ലെ സ.ഉ.(കൈ) നം.135/12/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലം ലഭ്യമാകുന്ന കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

Rashudee

സെക്ഷൻ ഓഫീസർ